## ചോ:

# "മൂപ്പന്മാർക്കു ദൈവം എന്തധികാരമാണ് കൊടുത്തത്?"

## ഉത്തരം:

മൂപ്പന്മാരുടെ അധികാരത്തെ നീക്കം ചെയ്യുന്ന പ്രസ്താവനകൾ ഉപദ്രവകരമാണ് - പഠിച്ച പ്രമുഖരായ ഉപദേഷ്ടാക്കന്മാർ സംസാരിക്കുന്നതിനേക്കാൾ അധികമാണ് അവർ അതു എഴുതുമ്പോൾ ഉണ്ടാകുന്നത്. "അധികാരം" എന്ന വാക്കിന്റെ ഗ്രീക്കു വാക്കിനെ (ഗ്രീക്ക്.: *എക്സൗസിയ*) സംബന്ധിച്ചു ആ സാങ്കേതികമായി ശരിയായ വാക്യത്തിൽ ഒരു ശക്തമായ തെറ്റിദ്ധാരണ നിലനില്ക്കുന്നു: "[ആ വാക്ക്] മൂപ്പന്റെ പ്രവൃത്തികളെ സൂചിപ്പിക്കുന്നതിനോ അല്ലെങ്കിൽ ഒരു മൂപ്പനോടുള്ള ക്രിസ്ത്യാനിയുടെ മനോഭാവത്തെ കുറിക്കുന്നതിനോ ഒരിക്കലും ഉപയോഗിച്ചിട്ടില്ല." "അധികാരം" എന്ന വാക്കിനുള്ള ഗ്രീക്കുപദം ഒരു അപ്പന്റെ കൃത്യനിർവ്വഹണത്തെയോ അല്ലെങ്കിൽ ഒരു കുട്ടിക്ക് അപ്പനോടുള്ള മനോഭാവത്തെയോ കാണിക്കുന്നതിന് ഒരിക്കലും ഉപയോഗിച്ചിട്ടില്ല എന്നു ഒരാൾക്കു പറയാൻ കഴിഞ്ഞേക്കാം, എന്നാൽ മക്കൾ അവരുടെ അമ്മയപ്പന്മാരെ അനുസരിക്കണം! (നോക്കുക എഫെസ്യർ 6:1.) അതുകൊണ്ടു, ആ പ്രസ്താവന സാങ്കേതികമായി ശരിയാണെങ്കിലും, ദോഷകരമാണ്. മൂപ്പന്മാരെ സംബന്ധിച്ചു, ഉദ്ധരിച്ച പ്രസ്താവന, ഏതാണ്ടു ശരിയാണെങ്കിലും, തെറ്റായ പ്രതീതി നൽകുകയും അതു ദോഷകരവുമാകുന്നു. മൂപ്പന്മാരുടെ ദൈവം-ഏല്പിച്ച അധികാരത്തെ വിവരിക്കുവാനും ചിത്രീകരിക്കുവാനും പരിശുദ്ധാത്മാവു അഞ്ചുപ്രധാനപ്പെട്ട വാക്കുകൾ ഉപയോഗിച്ചിരിക്കുന്നു: "അദ്ധ്യക്ഷൻ," "മൂപ്പൻ," "ഇടയൻ," "നടത്തുന്നവൻ," "വിചാരകൻ."

### "ബിഷപ്പ്"

"ബിഷപ്പ്" എന്ന വാക്കിന്റെ ആധുനിക അർത്ഥം പുതിയനിയമത്തിന് അന്യമാണ്: ഇന്ന് ഒരു ബിഷപ്പായി ഒരാളെ പരിഗണിക്കുന്നത് ഒന്നിലധികം സഭകളുടെ ഉത്തരവാദിത്വമുള്ള പുരോഹിതനെയാണ്. പരിശുദ്ധാത്മാവിനാൽ ഉപയോഗിച്ചിരിക്കുന്ന വാക്ക് (ഗ്രീക്ക്.: *എപ്പിസ്കോപ്പോസ്*) കൂടുതൽ പൂർണ്ണതയുള്ള അർത്ഥത്തെ ബോധ്യമാക്കുന്നു. *എപ്പിസ്കോപ്പോസ്,* ഒരു മേൽനോട്ടക്കാരൻ, ഒരു വാച്ചർ, ഒരു ഗാർഡിയൻ, എന്നത് "അഥേനക്കാർ ഒരു സ്റ്റേറ്റിനെ[1] സംബന്ധിച്ചു *പരിശോധകൻ* അല്ലെങ്കിൽ *മേൽനോട്ടക്കാരൻ* എന്ന രീതിയിൽ അയക്കുന്ന ഒരു പബ്ളിക് ഓഫീസർ" ആയിരുന്നു. പുതിയനിയമം ആ വാക്ക് ഉപയോഗിച്ചത് ദൈവജനത്തെ നടത്തേണ്ടതിനു പരിശുദ്ധാത്മാവു സഭയിൽ അദ്ധ്യക്ഷരാക്കി നിയമിച്ചവരെ കുറിച്ചു വിവരിക്കുവാനാണ് (പ്രവൃത്തികൾ 20:28; ഫിലിപ്പിയർ 1:1; 1 പത്രൊസ് 5:1-3). അവർ യജമാനന്മാരായി തീരുന്നത് വിലക്കുകയും, ക്രിസ്ത്യാനികൾ എങ്ങനെ ആകണ

മെന്ന് അവർ ജീവിതത്തിലൂടെ മാതൃക കാണിച്ചുകൊടുക്കുകയും വേണം, അതേ സമയം തങ്ങളുടെ മേൽനോട്ടത്തിലുള്ള ക്രിസ്ത്യാനികളെ കുറിച്ച് കരുതൽബോധവും ഉള്ളവരായിരിക്കണം.

### "മൂപ്പൻ"

ഒരു ഇടവകയിലെ അദ്ധ്യക്ഷന്മാരെ (ഓവർസീയേഴ്സ് അല്ലെങ്കിൽ സൂപ്പർവൈസേഴ്സ്) പുതിയനിയമത്തിൽ "മൂപ്പന്മാർ" എന്നും വിളിച്ചിട്ടുണ്ട് (ഗ്രീക്ക്.: *പ്രെസ്ബൂറ്റെറോയി*; 1 പത്രൊസ് 5:1). പ്രാദേശിക സഭയുടെ കാര്യങ്ങൾ നടത്തുവാൻ പ്രായമുള്ളവരെ നിയമിക്കണം എന്ന ആശയം യിസ്രായേൽ മൂപ്പന്മാരിൽ നിന്നും വന്നതാണ് (സംഖ്യാപുസ്തകം 11:16). പ്രായമായവർ ആയിരുന്നു യിസ്രായേലിന്റെ ന്യായാധിപസഭയിൽ (ഗ്രീക്ക്.: *സുനെദ്രിയോൻ, സാൻ ഹേഡ്രിൻ*; മത്തായി 26:59), അല്ലെങ്കിൽ കോടതിയിൽ (മത്തായി 5:22) ഉണ്ടായിരുന്നത്. ആ ഭരണസംവിധാനത്തെ വിളിച്ചിരുന്നത് സെനറ്റ് എന്നും (ഗ്രീക്ക്.: *ജരൗസിയാ*; പ്രവൃത്തികൾ 5:21) മൂപ്പന്മാരുടെ സംഘമെന്നുമാണ് (ഗ്രീക്ക്.: *പ്രെസ്ബൂറ്റെരിയോൺ*; ലൂക്കൊസ് 22:66; പ്രവൃത്തികൾ 22:5). പിന്നെ പുതിയനിയമസഭയിൽ, ചില പ്രായമായവരെ ഔദ്യോഗികപദവിയുള്ളവരായി അടയാളപ്പെടുത്തിയിരുന്നു (പ്രവൃത്തികൾ 11:30; 14:23; 20:17; യാക്കൊബ് 5:14). മൊത്തത്തിൽ, "പ്രെസ്ബിറ്ററി" അല്ലെങ്കിൽ "എൽ ഡെർഷിപ്പ്" എന്നുവിളിക്കുന്ന ഒരു കൂട്ടത്തെ വിവരിക്കുവാനും (ഗ്രീക്ക്.: *പ്രെസ്ബൂറ്റെറിയോൺ*; 1 തിമൊഥെയൊസ് 4:14), യെഹൂദന്മാരുടെ അത്യുന്നത കോടതിയായി സേവിച്ചവരെ വിവരിക്കുവാനും ഉപയോഗിച്ചിരുന്നത് അതേ വാക്കുതന്നെയാണ് (ലൂക്കൊസ് 22:66; പ്രവൃത്തികൾ 22:5). കർത്താവിന്റെ സഭയിലെ കൃത്യനിർവ്വഹണത്തിനായി നല്ല ആളുകളെ നിയോഗിക്കുമ്പോൾ അത്തരം വ്യാഖ്യാനങ്ങൾ സഹായകരമല്ല എന്ന് താഴെ കാണുന്നതു തെളിയിക്കും:

> "എൽഡെർഷിപ്പ്" എന്ന വാക്കു നാം എവിടെയാണു കാണുന്നത്? നാം ധാരാളം കപ്പലുകൾ കണ്ടുപിടിച്ചിട്ടുണ്ട്. ആശയത്തെ വെല്ലുവിളിക്കുക എന്നാൽ ഒരു വിശുദ്ധ പശുവിനെ ചവിട്ടുക എന്നാണ്. പെന്തെക്കൊസ്തു നാളിനുശേഷം സഭ വളരെകാലമായിട്ടു മൂപ്പന്മാരെ കൂടാതെ നിലനിന്നിട്ടുണ്ട്, പിന്നീടാണ് എല്ലാം യാദൃശ്ചികമായി സംഭവിക്കുന്നതു.

നാം കണ്ടതുപോലെ, "എൽഡർഷിപ്പ്," അല്ലെങ്കിൽ "പ്രെസ്ബിറ്ററി" എന്ന പദം, വചനപ്രകാരമുള്ളതാണ് (1 തിമൊഥെയൊസ് 4:14). കൂടാതെ, "ഓരോ സഭയിലും" മൂപ്പന്മാരെ നിയമിച്ചോ എന്നു നോക്കിയിരുന്ന, അപ്പൊസ്തലനായ പൗലൊസ് (പ്രവൃത്തികൾ 14:23), മൂപ്പന്മാരുണ്ടായതു യാദൃശ്ചികമായിട്ടാണ് എന്നോ കൂട്ടിച്ചേർത്തതാണ് എന്നോ പറഞ്ഞിട്ടില്ല. ശ്രദ്ധയോടെ പദ്ധതി തയ്യാറാക്കിയതിന്റെ ഫലമായിരുന്നു അത്തരം മൂപ്പന്മാരെ നിയമിക്കൽ, അല്ലാതെ യാദൃശ്ചികമായിരുന്നില്ല. പൗലൊസ് തീത്തൊസിനെ ക്രേത്തയിൽ വിട്ടേച്ചു പോന്നതു "പട്ടണം തോറും" മൂപ്പന്മാരെ നിയമിക്കുന്നതിനായിരുന്നു (തീത്തൊസ് 1:5).

## "ഇടയൻ"

പുതിയനിയമത്തിൽ "മൂപ്പന്മാർ" അല്ലെങ്കിൽ "മേൽനോട്ടം നടത്തുന്നവർ" എന്നു വിളിച്ചിട്ടുള്ളവരെ "ഇടയന്മാർ," അല്ലെങ്കിൽ "മേയ്ക്കുന്നവർ" എന്നും വിളിച്ചിട്ടുണ്ട് (എഫെസ്യർ 4:11). "മേൽനോട്ടം നടത്തുന്നവർ" എന്ന വാക്കിലെ പ്രത്യേക ആശയം (ഗ്രീക്ക്.: *എപിസ്കോപോസ്*) ഒരു സംസ്ഥാനത്തിന്റെ പബ്ളിക് ഓഫീസറായി മേൽനോട്ടം നടത്തുന്ന ഉദ്യോഗത്തെ കുറിച്ചുള്ളതാണ്; "മൂപ്പൻ" എന്ന വാക്ക് (ഗ്രീക്ക്.: *പ്രെസ്ബുറ്റെറോസ്*) പ്രായമുള്ള ആളെ ആണ് സൂചിപ്പിക്കുന്നത്; "മേയ്ക്കുന്നവൻ" അല്ലെങ്കിൽ "ഇടയൻ" (ഗ്രീക്ക്.: *പോയിമെൻ*) എന്ന വാക്ക് ആടുകളെ പാലിക്കുന്നവനെയാണ് സൂചിപ്പിക്കുന്നതു. ഇടയന്മാർ ആടുകളെ മേയ്ക്കുന്നതു പോലെ കർത്താവിന്റെ ആളുകളെ മേൽനോട്ടം നടത്തുന്നതിന് ചില പ്രായമായവരെ ആക്കുന്നതിനെ വിവരിച്ചുകൊണ്ടാണ്, ആ പദങ്ങൾ സഭയുമായുള്ള ബന്ധത്തിൽ ഉപയോഗിച്ചിരിക്കുന്നത്. പ്രാദേശികസഭയിലെ ഇടയൻ തുടർന്നും ആടിനെ പോലെ ആയിരിക്കണം. തന്നെയും കൂടെ സൂക്ഷിക്കേണ്ട ഉത്തരവാദിത്വം തനിക്കുണ്ടെന്നും (പ്രവൃത്തികൾ 20:28) തന്റെ നടപ്പിനു (റോമർ 14:12) ഇടയശ്രേഷ്ഠനു അയാൾ കണക്കു കൊടുക്കണമെന്നും അയാൾക്ക് അറിയാം (1 പത്രൊസ് 5:4). ഒരു ഇടയ ശ്രേഷ്ഠൻ ഉണ്ടെങ്കിൽ, പിന്നെ പത്രൊസ് പറയുന്നതു താഴെ-ഇടയന്മാരും ഉണ്ടാവുമെന്നാണ്. പ്രാദേശിക സഭയിലെ അധികാരത്തെ കളിയാക്കുന്നവർക്കു പുതിയനിയമസഭയിലെ മുഖ്യ-ഇടയനും താഴെ-ഇടയന്മാരും-എന്ന ആശയം വിശദീകരിക്കുവാൻ പ്രയാസപ്പെടും. കൂടാതെ, എന്തിനാണ് മീഖാ 5:2-ൽ "ഭരിക്കുക" എന്നതിന്റെ എബ്രായ പദം (*മോഷെൽ*) മത്തായി 2:6-ൽ പറഞ്ഞിരിക്കുന്ന ''ഇടയൻ'' എന്നതിന്റെ വാക്കിനാൽ തർജിമ ചെയ്തിരിക്കുന്നത് എന്നു ഇടയന്മാരെ ഭരിക്കുവാൻ അനുവദിക്കാതിരിക്കുന്നവർ വിശദമാക്കുവാൻ വിഷമിക്കും. കൂടാതെ, എന്തുകൊണ്ടാണ് വെളിപ്പാട് 2:27; 12:5; 19:15-ൽ "ഇടയൻ" എന്നതിനുള്ള ഗ്രീക്കുവാക്ക് "ഭരിക്കുക" എന്നു തർജ്ജിമ ചെയ്തിരിക്കുന്നത് എന്നും വിശദീകരിക്കുവാൻ അവർ പ്രയാസപ്പെടും.

100-ലധികം അംഗങ്ങളുള്ള ചില ഇടവകകളിൽ മൂപ്പന്മാരാകുവാൻ യോഗ്യതയുള്ളവരുണ്ടായിട്ടും, അവിടെ മൂപ്പന്മാരില്ല. അവരുടെ നടത്തിപ്പുകാരിൽ ഒരാളോടു അതെന്തുകൊണ്ടാണെന്നു ചോദിച്ചപ്പോൾ, അതിനു അയാൾ പറഞ്ഞു, ''ചില ഇടവകകളിൽ മൂപ്പന്മാർ കൂടുതൽ അധികാരം കയ്യടക്കി കുഴപ്പമുണ്ടാക്കുകയാണ് എന്നു കേൾക്കുന്നു." പുതിയനിയമത്തിൽ പറഞ്ഞിരിക്കുന്നതിനേക്കാൾ മൂപ്പന്മാർ അധികാരം കയ്യടക്കിയിരിക്കാം, അതു നല്ല മൂപ്പന്മാരുണ്ടാകാതിരിപ്പാൻ കാരണമല്ല. അതിനു സമാന്തരമായി, ചില ഉപദേഷ്ടാക്കന്മാർ തങ്ങളുടേതല്ലാത്ത അധികാരം പിടിച്ചിരിക്കുകയാണ്, അതു നല്ല ഉപദേഷ്ടാക്കന്മാരില്ലാതിരിക്കുവാനുള്ള കാരണം ആകുന്നില്ല. രണ്ടു തെറ്റുകൾ ചേർന്ന് ഒരു ശരിയായിതീരുകയില്ല. തങ്ങളുടേതല്ലാത്ത അധികാരം തങ്ങൾക്കുണ്ടെന്ന് മൂപ്പന്മാർ വിചാരിക്കുന്നത് തെറ്റാണ്, എന്നാൽ യോഗ്യതയുള്ള പുരുഷന്മാരെ മൂപ്പന്മാരായി നിയമിക്കാതിരിക്കുന്നതും തെറ്റാണ്. ആ ഇടവകയെ സന്ദർശിച്ചപ്പോൾ, അവർ മൂപ്പന്മാരെ നിയമിക്കുവാൻ ഭയപ്പെടുന്നതെന്തുകൊണ്ട് എന്നു ഞാൻ മനസ്സിലാക്കി. നോട്ടീസ് ബോർഡിൽ, മൂപ്പന്മാരെ നിയമിക്കുന്നതിന് ഓരോ അംഗവും എതിർക്കുവാൻ കാരണമായ ഒരു ലേഖനം ആരോ പോസ്റ്റുചെയ്യുകയുണ്ടായി! ആ ലേഖനം ഉണ്ടാ

ക്കിയ ധാരണ എന്തെന്നാൽ "ഇടയൻ" എന്ന പദം യേശുവിനു മാത്രമുള്ളതാണെന്നും, "സാധാരണ അംഗങ്ങൾ" തങ്ങളെ "ഇടയന്മാർ" എന്നു കരുതുവാൻ അനുവദിക്കുന്നത് ധിക്കാരമാണ് എന്നുമാണ്. "ദൃഷ്ടാന്തപരമായി," ആ ലേഖനം പറയുന്നത്, "ആ വാക്ക് മനുഷ്യരെയല്ല പിന്നെയോ യേശുവിനെ സൂചിപ്പിച്ച് ഉപയോഗിച്ചിട്ടുള്ളതാണ്. ആടായിരിക്കുന്ന ആരും ഇടയൻ ആകുന്നില്ല." അത്തരം ഉപദേശം ആളുകളുടെ മുൻപിൽ വയ്ക്കുന്നവർ, ആ ഇടവകയിൽ മൂപ്പന്മാരെ നിയമിക്കാത്തതിൽ അതിശയിക്കുവാനില്ല.

## "ഭരിക്കുന്നവൻ"

മൂപ്പന്മാരുടെ അധികാരത്തെ സൂചിപ്പിക്കുന്ന മറ്റൊരു വാക്ക് ഭരിക്കുന്നവർ ആയിരിക്കുവാൻ അവരോടുള്ള സ്വർഗ്ഗീയ കൽപനയാണ് (ഗ്രീക്ക്.: *പ്രോയിസ്റ്റെമി,* 1 തിമൊഥെയൊസ് 5:17; 1 തെസലൊനിക്യർ 5:12 നോക്കുക). ഭരിക്കുന്നവർ എന്ന നിലയിൽ, ഒരു അപ്പൻ അവന്റെ കുടുംബത്തെ കരുതുന്നതുപോലെ മൂപ്പന്മാർ കർത്താവിന്റെ ആളുകളെ കരുതേണ്ടതാണ് (1 തിമൊഥെയൊസ് 3:4, 5). സഭയിലുള്ള മറ്റുള്ളവരുടെ മേൽ ചിലയാളുകൾക്ക് ഉള്ള അധികാരത്തെ സൂചിപ്പിക്കുന്ന രീതിയിൽ ഉപയോഗിക്കുന്ന മറ്റൊരുവാക്ക് *ഹെജെയോമായി* എന്നാണ്. (എബ്രായർ 13:7, 17, 24), അർത്ഥം "മുൻപെ പോവുക; ഒരു അദ്ധ്യക്ഷനാകുക; ഭരിക്കുക, കൽപിക്കുക; അവരുടെമേൽ അധികാരമുള്ളവനായിരിക്കുക."[2] ആ വാക്കിൽ ഉള്ള അധികാരം യോസേഫിനെ മിസ്രയീമിന്റെ പ്രതിനിധി അല്ലെങ്കിൽ നാടുവാഴിയായി വിവരിക്കുവാൻ ഉപയോഗിക്കുന്നതിലും (പ്രവൃത്തികൾ 7:10), യേശുവിനെ ഒരു പ്രഭു അല്ലെങ്കിൽ നാടുവാഴി ആയി ഉപയോഗിക്കുന്നതിലും വ്യക്തമാണ് ("ഭരിക്കുന്നവൻ"; മത്തായി 2:6) ചില മനുഷ്യരെ സഭയിൽ അനുസരിക്കേണ്ടതും, അവർ ഉറങ്ങാത്തവരും ആയിരിക്കണം (ഗ്രീക്ക്.: *അഗ്രുപ്നെയോ*) ആത്മാക്കൾക്കുവേണ്ടി ജാഗരിക്കുന്നവരാകണം (എബ്രായർ 13:17).

സഭാഭരണത്തെ സൂചിപ്പിച്ചു ഉപയോഗിച്ചിട്ടുള്ള മറ്റൊരുവാക്കാണ് *കൂബർനാവോ* (1 കൊരിന്ത്യർ 12:28), അർത്ഥം "തിരിക്കുക, നയിക്കുക," ഭരണത്തെയും അതു സൂചിപ്പിക്കുന്നു. പൗലൊസ് യാത്ര ചെയ്ത കപ്പലിന്റെ യജമാനനെ സൂചിപ്പിച്ചും ആ വാക്കുപയോഗിച്ചിട്ടുണ്ട് (പ്രവൃത്തികൾ 27:11). അതുകൊണ്ടു പരിശുദ്ധാത്മാവിനാൽ ഉപയോഗിച്ച ആ മൂന്നു വാക്കുകളും സൂചിപ്പിക്കുന്നത് കർത്താവിന്റെ സഭകളിൽ ഭരിക്കുന്നവർ ഉണ്ട് എന്നാണ്. ഭരിക്കുന്നവർ ഉണ്ടാവുക എന്നാൽ തങ്ങളെ അനുസരിക്കുന്നവരും ഉണ്ടെന്നാണ്. അതാണു നാം എബ്രായർ 13:17-ൽ "അനുസരിക്കുക" എന്ന വാക്കിലും (ഗ്രീക്ക്.: *പെയിത്തോ*) "കീഴ്പ്പെടുക," അല്ലെങ്കിൽ "അനുസരിക്കുക" (ഗ്രീക്ക്.: *ഹൂപെയിക്കോ*) എന്നീ വാക്കുകളിലും കാണുന്നത്.

## "വിചാരകൻ"

മൂപ്പന്മാരുടെ അധികാരത്തെ കുറിച്ചു ഒരു വ്യത്യസ്തമായ കാഴ്ച്ചപ്പാടാണ് "വിചാരകൻ" എന്ന വാക്കിനുള്ളത്, അഡ്മിനിസ്ട്രേറ്റർ അല്ലെങ്കിൽ മാനേജർ (ഗ്രീക്ക്.: *ഓയിക്കോനോമോസ്,* തീത്തോസ് 1:7). എരസ്തോസ് *ഓയിക്കോനോമോസ്* ആയിരുന്നു, അതായത് കൊരിന്ത് പട്ടണത്തിന്റെ മാനേജർ ("ഖജാൻജി"; റോമർ 16:23), ഒരു അധികാരമുള്ള സ്ഥാനമായിരുന്നു അത്.

## ഉപസംഹാരം

ചില അവസരങ്ങളിൽ അസുഖകരമായ കർത്തവ്യവും മൂപ്പന്മാർ ചെയ്യേണ്ടിയിരുന്നു: ചില മനുഷ്യരുടെ "വായ് അടയ്ക്കേണ്ടതാകുന്നു" (തീത്തോസ് 1:11). സമൂഹത്തിനു മാതൃക കാണിക്കുന്നതല്ലാതെ മൂപ്പന്മാർക്കു വേറെ അധികാരം ഇല്ലെങ്കിൽ, അവർക്ക് എങ്ങനെ ചിലരുടെ വായ്-അടക്കുവാനും, ചില ഉപദേഷ്ടാക്കന്മാരെ പ്രസംഗിക്കരുതെന്ന് വിലക്കുവാനും സാധിക്കുമെന്നു ഒരാൾ അതിശയിക്കും. നമ്മുടെ ആത്മാക്കളെ കുറിച്ച് കണക്കുകൊടുക്കുവാൻ മൂപ്പന്മാരെ ആക്കിയ ദൈവം ആഗ്രഹിക്കുന്നത് നാം അവരുടെ അധികാരത്തിനു കീഴ്പ്പെട്ടിരിക്കണം എന്നാണ് (എബ്രായർ 13:17).

---

കുറിപ്പുകൾ

[1]ഹെൻട്രി ജോർജ് ലിഡൽ ആന്റ് റോബെർട്ട് സ്കോട്ട്, *എ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൺ*, 25ത്ത് എഡി., അബ്ര. ആന്റ് റെവ. (ലണ്ടൻ: ഓക്സ്ഫോർഡ്, ക്ലാരന്റൻ പ്രെസ്, 1892), എസ്. വി. *"എപ്പിസ്കോപ്പോസ്."* [2]സി. ജി. വിൽക്കേ ആന്റ് സി. എൽ. വിലിബാൾഡ് ഗ്രിം, *ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൺ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്*, 12ത്ത് എഡി., ട്രാൻസ്. ആന്റ് റെവ. ജോസഫ് എച്ച്. തേയർ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടെർവാൻ പബ്ളിഷിംഗ് ഹൗസ്, 1973), 276. (സീദ എൻട്രി *"ഹെജിമോൻ."*)